**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 47** **27-06-2022 - ൽ മറുപടിയ്ക്ക്**

**ഐ.ടി. വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | 2021-22 സാമ്പത്തിക വർഷം എത്ര കോടി രൂപയുടെ ഐ.ടി. ഹാർഡ് വെയർ ഉല്പാദനമാണ് സംസ്ഥാനത്ത് നടന്നത്; | (എ) | സർക്കാർ ഐ.ടി പാർക്കുകൾ കേന്ദ്രീകരിച്ച് സോഫ്റ്റ് വെയർ ഉല്പാദനവും സേവനവുമാണ് പ്രധാനമായും നടക്കുന്നത്. |
| (ബി) | 2025-26 ആകുമ്പോഴേയ്ക്കും ഇത് എത്ര കോടി രൂപയായി ഉയർത്താനാണ് ലക്ഷ്യമിടുന്നത്; | (ബി) | സർക്കാർ ഐ.ടി പാർക്കുകൾ കേന്ദ്രീകരിച്ച് സോഫ്റ്റ് വെയർ ഉല്പാദനവും സേവനവുമാണ് പ്രധാനമായും നടക്കുന്നത്. |
| (സി) | സംസ്ഥാനത്തെ സ്വകാര്യ ഐ.ടി. പാർക്കുകളെ പ്രോത്സാഹിപ്പിക്കുവാൻ നൂതനമായ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത്; വ്യക്തമാക്കുമോ; | (സി) | സർക്കാർ ഐ.ടി. പാർക്കുകളെ കേന്ദ്രീകരിച്ചാണ് കൂടുതലായും ഐ.ടി. വികസനത്തിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നത്. ഐ.ടി. പാർക്കുകളിൽ സ്വകാര്യ സംരംഭകരെയും കമ്പനികളെയും ആകർഷിക്കുന്നതിനുള്ള ആവശ്യമായ എല്ലാ നടപടികളും സർക്കാർ കൈക്കൊണ്ടുവരുന്നു. |
| (ഡി) | ഐ.ടി. മേഖലയിൽ രാജ്യത്തെ മുൻനിര സംസ്ഥാനമായി കേരളത്തെ മാറ്റിയെടുക്കുവാനും സംസ്ഥാനത്തെ ഐ.ടി. പാർക്കുകളിലെ അടിസ്ഥാന സൗകര്യം പരമാവധി വികസിപ്പിക്കുവാനുമായി ഈ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ; | (ഡി) | ഐ. ടി. വ്യവസായ അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനും അടിസ്ഥാന സൗകര്യ വിപുലീകരണത്തിനുമായി മികച്ച അടിസ്ഥാന സൗകര്യങ്ങൾ സർക്കാർ ഐ. ടി. പാർക്കുകളിൽ ഏർപ്പെടുത്തിവരുന്നു. മികച്ച മാർക്കറ്റിംഗ് സംവിധാനങ്ങളിലൂടെ ദേശീയ-അന്തർദ്ദേശീയ ഐ. ടി. കമ്പനികളെ സംസ്ഥാനത്തേക്ക് ആകർഷിക്കുന്നതിനും ഐ. ടി. സംരംഭങ്ങളിൽ നിക്ഷേപം നടത്തുന്നതിനും വേണ്ടി ആവശ്യാനുസരണം SEZ/ NON SEZ മേഖലകളിൽ ഭൂമി, കെട്ടിടം, അപ്രോച്ച് റോഡുകൾ മുതലായ അടിസ്ഥാന സൗകര്യങ്ങളും മറ്റ് അനുബന്ധ സൗകര്യങ്ങളും സജ്ജീകരിക്കുകയുമാണ് ഐ. ടി. പാർക്കുകൾ നടത്തുന്ന പ്രധാന പ്രവർത്തനങ്ങൾ.<br><br>2022-23 വർഷത്തെ ബഡ്ജറ്റിൽ ഐ. ടി. ഇടനാഴികളുടെ വിപുലീകരണവുമായി ബന്ധപ്പെട്ട് കണ്ണൂരിൽ പുതിയ ഐ. ടി. പാർക്ക്, ഐ. ടി. കോറിഡോർ വിപുലീകരണത്തിന് കൊല്ലത്ത് അഞ്ച് |

| | | | |
|---|---|---|---|
| | | | ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഐ. ടി. സൗകര്യം, ടെക്നോപാർക്ക് ഫേസ് III, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ നിന്ന് ആരംഭിച്ച് എൻ.എച്ച്. 66 ൽ നിന്ന് സുഗമമായി എത്തിച്ചേരാവുന്ന നിർദിഷ്ട ഇടനാഴികളിൽ ഉൾപ്പെടുന്ന സ്ഥലങ്ങളിൽ 15-25 ഏക്കർ ഭൂമി വാങ്ങി സാറ്റലൈറ്റ് ഐ. ടി. പാർക്കുകൾ നിർമ്മിക്കുക എന്നിവ പ്രഖ്യാപിച്ചിട്ടുണ്ട്.<br><br>കൊല്ലം, കണ്ണൂർ, ഐ. ടി. പാർക്കുകളും മറ്റു പ്രദേശങ്ങളിലെ പാർക്കുകളും സ്ഥാപിക്കുന്നതിനുള്ള സ്ഥലം ഏറ്റെടുക്കുന്നതിന് കിഫ്ബി ലാൻഡ് അക്വിസിഷൻ പൂളിൽ നിന്ന് 1000 കോടി വകയിരുത്തുന്നതാണെന്നും ബഡ്ജറ്റ് പ്രസംഗത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. |
| (ഇ) | നിലവിൽ സംസ്ഥാനത്തെ ഐ.ടി. സംരംഭകർ എത്രയെന്നും ഐ.ടി, ഐ.ടി. അനുബന്ധ മേഖലയിലെ ജീവനക്കാരുടെയും തൊഴിലാളികളുടെയും എണ്ണം എത്രയെന്നും ഇവരുടെ ക്ഷേമം ഉറപ്പുവരുത്താൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നുവെന്നും വ്യക്തമാക്കുമോ? | (ഇ) | സംസ്ഥാനത്തെ 3 സർക്കാർ ഐ. ടി. പാർക്കുകളിലുമായി 961 കമ്പനികളും ഏകദേശം 1,21,286 ജീവനക്കാരും ജോലി ചെയ്യുന്നുണ്ട്.<br><br>ഐ. ടി., ഐ.ടി അനുബന്ധ മേഖലയിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെയും സംരംഭകരുടെയും ക്ഷേമത്തിനും അതുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കും വേണ്ടി ഒരു ക്ഷേമനിധിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്. പ്രസ്തുത മേഖലയിലുള്ളവർക്ക് പെൻഷൻ, കുടുംബപെൻഷൻ, പ്രസവാനുകൂല്യം, വിവാഹാനുകൂല്യം, ചികിത്സാ സഹായം, വിദ്യാഭ്യാസ ആനുകൂല്യം, മരണാനന്തര ചെലവ്, മരണാനന്തര സഹായം എന്നിവ ഈ പദ്ധതിയിലൂടെ നടപ്പിലാക്കാനാണ് വിഭാവനം ചെയ്തിട്ടുള്ളത്.<br><br>ഐ. ടി. പാർക്കുകളിലെ സ്വകാര്യ കമ്പനികളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്കും ജീവനക്കാർക്കുമായി നിയമാനുസൃതമായ ക്ഷേമ പദ്ധതികളും തൊഴിൽ നിയമങ്ങളും കൃത്യമായി നടപ്പിലാക്കണമെന്ന് കമ്പനികളുമായുള്ള കരാറിൽ നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ ഐ. ടി. പാർക്കുകളിൽ പ്രവർത്തിക്കുന്ന സ്വകാര്യ കമ്പനികളിലെ ജീവനക്കാരുടെ ക്ഷേമത്തിനായി കമ്പനികൾ നേരിട്ടും വിവിധ ക്ഷേമപദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്.<br><br>കൂടാതെ പാർക്കുകളിൽ ജീവനക്കാരുടെ കുട്ടികളുടെ പരിപാലനത്തിനായി ആധുനിക സജ്ജീകരണങ്ങളോടു കൂടി ക്രഷ്/ ഡേ - കെയർ സെന്റർ സൗകര്യം, കമ്പനികളിലെ ജീവനക്കാർക്ക് ആവശ്യമായ പൊതുഗതാഗത സൗകര്യം എന്നിവയും ലഭ്യമാണ്. രാത്രി ഷിഫ്റ്റുകളിൽ ജോലി ചെയ്യുന്ന വനിതാ ജീവനക്കാരെ കമ്പനികൾ |

| | | | |
|---|---|---|---|
| | | | സുരക്ഷാജീവനക്കാരന്റെ അകമ്പടിയോടു കൂടി വാഹനങ്ങളിൽ താമസസ്ഥലത്ത് നിന്നും കൊണ്ട് വരുകയും തിരിച്ചെത്തിക്കുകയും ചെയ്യുന്നതിനുള്ള സംവിധാനങ്ങളും കമ്പനികൾ ഒരുക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ